(ഡി) വരുമാനത്തിന്റെ കാര്യത്തിൽ വികലാംഗർ നൽകുന്ന സത്യവാങ്മൂലത്തിന്റെ അടിസ്ഥാനത്തിൽ പാസ് പുതുക്കി നൽകുന്നുണ്ട്. സംശയിക്കത്തക്ക സാഹചര്യത്തിൽ അന്വേഷണം നടത്തിയശേഷമേ പാസ് പുതുക്കി നൽകാറുള്ളൂ.

ബോഡി ബിൽഡിംഗ് നിർത്തിവയ്ക്കാനിടയായ സാഹചര്യം

119 [3524] ശ്രീ. ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കെ. എസ്. ആർ. ടി. സി. ഡിപ്പോകളിൽ ബോഡി ബിൽഡിംഗ് നിർത്തിവയ്ക്കാനിടയായ സാഹചര്യം എന്തായിരുന്നെന്ന് വിശദീകരിക്കാമോ;

(ബി) ഈ നടപടി കെ. എസ്. ആർ. ടി. സി.-യുടെ താൽപ്പര്യങ്ങൾക്ക് വിപരീതവും സ്വകാര്യ ബോഡി ബിൽഡേഴ്സിന് സഹായകരമാകുന്നതുമാണെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) ബോഡി ബിൽഡിംഗ് നിർത്തിവച്ചിട്ടില്ല. സാമ്പത്തിക സ്ഥിതി മോശമായ കാരണത്താൽ ചേസിസിന്റെ ദൗർലഭ്യം മൂലമാണ് ബോഡി ബിൽഡിംഗ് കുറഞ്ഞത്.

(ബി) സാമ്പത്തിക സ്ഥിതി മെച്ചപ്പെട്ട നിലയ്ക്ക് ബോഡി ബിൽഡിംഗ് പുനരാരംഭിച്ചിട്ടുണ്ട്.

കോച്ച് ബിൽഡർ തസ്തിക

120 [3525] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി.-യിലേക്ക് കോച്ച് ബിൽഡർ തസ്തികയിലേക്കുള്ള നിയമനത്തിന് പി. എസ്. സി. തയ്യാറാക്കിയിട്ടുള്ള ലിസ്റ്റിൽനിന്നും നാളിതുവരെയായി എത്ര പേരെ നിയമിച്ചിട്ടുണ്ട്;

(ബി) പ്രസ്തുത തസ്തികയിൽ നിലവിൽ എത്ര ഒഴിവുകളുണ്ടെന്ന് വ്യക്തമാക്കാമോ:

(സി) ഈ ഒഴിവുകൾ വൈകാതെ നികത്തുന്നതിനുള്ള സത്വര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കോച്ച് ബിൽഡർ തസ്തികയിലേക്ക് ഇപ്പോൾ പി. എസ്. സി. ലിസ്റ്റുകളൊന്നും നിലവിലില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പുതിയ ബസ്-സ്റ്റാഫ് റേഷ്യോ പ്രകാരം നിലവിൽ ഒഴിവുകളില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

കെ. എസ്. ആർ. ടി. സി. ജീവനക്കാരുടെ എണ്ണം

121 [3526] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി.-യിൽ നിലവിലുള്ള ജീവനക്കാരുടെ എണ്ണം തസ്തിക തിരിച്ച് വെളിപ്പെടുത്തുമോ;

(ബി) പ്രതിമാസ ശമ്പളം ഇനത്തിൽ എത്ര രൂപ ചെലവാകും; വിശദാംശം നൽകുമോ?

ഉത്തരം

(എ) 2003 മേയ് മാസത്തെ കണക്കനുസരിച്ച് 24657 ജീവനക്കാരുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു:

കണ്ടക്ടർമാർ	..	8155
സ്റ്റേഷൻ മാസ്റ്റർ	..	190
ഇൻസ്പെക്ടർ	..	574
ഡ്രൈവർമാർ	..	8849
എച്ച്. വി. എസ്. ആന്റ് വി. എസ്.	..	117
മിനിസ്റ്റീരിയൽ വിഭാഗം	..	2177
സെക്യൂരിറ്റി	..	285
സ്റ്റോർ	..	263
മെക്കാനിക്കൽ വിഭാഗം	..	3995
സിവിൽ	..	3
വാട്ടർ ട്രാൻസ്പോർട്ട്	..	49
ആകെ	..	24657

(ബി) ശമ്പളം ഇനത്തിൽ പ്രതിമാസം 15.75 കോടി രൂപ ചെലവാകുന്നുണ്ട്.

പി. എസ്. സി. വഴി കണ്ടക്ടർ നിയമനം ലഭിച്ചവർക്ക് ശമ്പളവും മറ്റ് ആനുകൂല്യങ്ങളും

122 [3527] ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി.-യിൽ പി. എസ്. സി. വഴി കണ്ടക്ടർ ആയി നിയമനം ലഭിച്ചവർക്ക് ശമ്പളത്തിന് പകരം ഡെയിലി വേജസ് മാത്രമാണ് നൽകിവരുന്നതെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly